**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2176** **11.03.2020-ൽ മറുപടിക്ക്**

## എല്ലാ സർക്കാർ ഓഫീസുകളിലും വയേഡ് കണക്ടിവിറ്റി

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും, വയേഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനായി 2000 കോടി രൂപ ചെലവ് വരുന്ന പദ്ധതി കെ.എസ്.ഇ.ബി.യുടെ വിതരണ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരളത്തിൽ ഉടനീളം ചുരുങ്ങിയ ചിലവിൽ അതിവേഗ ഇന്റർനെറ്റ് സേവനം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യവുമായി കേരള സർക്കാർ, കെ.എസ്.ഇ.ബി. യും സർക്കാർ സംരംഭമായ KSITIL ഉം ആയി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ). കേരളത്തിൽ ഉടനീളമുള്ള 30,000 ൽപരം സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുക, ദാരിദ്ര്യരേഖയിൽ താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സേവനം എത്തിക്കുക, ഇന്റർനെറ്റ്/ടെലികോം സേവന ദാതാക്കൾക്ക് മിതമായ നിരക്കിൽ മെച്ചപ്പെട്ട സേവനം നൽകുക എന്നീ ലക്ഷ്യങ്ങളുമായി മുന്നോട്ടുപോകുന്ന ഈ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് 1028 കോടി രൂപയാണ്. പ്രസ്തുത പദ്ധതി 2020 അവസാനത്തോടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെയും മറ്റ് സ്വകാര്യ ടെലികോം സർവ്വീസ് പ്രൊവൈഡറിന്റെയും നിലവിലുള്ള ബാന്റ് വിഡ്ത്ത് പരിശോധിച്ച് അതിന്റെ അപര്യാപ്തത മനസ്സിലാക്കുകയും അത് പരിഹരിച്ച് ഭാവിയിലേയ്ക്ക് ആവശ്യമായ ബാന്റ് വിഡ്ത്ത് സജ്ജമാക്കുകയും ചെയ്യുക എന്നുള്ള രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.<br>കെ.എസ്.ഇ.ബി. യും, കെ.എസ്.ഐ.റ്റി.ഐ. എൽ-ഉം, കേരളാ സർക്കാരും ചേർന്നുള്ള സംയുക്ത സംരംഭമായ കെഫോൺ ലിമിറ്റഡ് |

| | | | |
|---|---|---|---|
| | | | വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. കെഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനെ ഒരു ടെണ്ടർ നടപടിയിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്.<br>സമയബന്ധിതമായി പദ്ധതി തുടങ്ങുന്നതിനാവശ്യമായ പഠനവും ടെണ്ടർ നടപടികളും പൂർത്തീകരിക്കുകയും, പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിന് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 40000 കി.മീ. ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിലും വീടുകളിലുമുള്ള സേവനങ്ങൾ നൽകാൻ പര്യാപ്തമാണ്. |
| (ബി) | ഇതിനായി സർക്കാർ കെ. എസ്. ഇ.ബി.യുമായി എന്തെങ്കിലും കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ കെ. എസ്.ഇ.ബി. ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്; | (ബി) | കെഫോൺ പദ്ധതിയുടെ സാക്ഷാത്കാരത്തിനു കേരളാ സർക്കാരും കെ.എസ്.ഐ.ടി.ഐ.എൽ-ഉം, കെ.എസ്.ഇ.ബി യും സംയുക്ത സംരംഭ കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. പദ്ധതിക്കായി കെ. എസ്. ഇ. ബി യുടെ പ്രസരണ-വിതരണ ശൃംഖലയിൽ കൂടി ഒപ്റ്റിക്കൽ ഫൈബർ വലിക്കുന്നതിനും, പോപ്പ്കൾ സബ്സ്റ്റേഷനുകളിൽ സ്ഥാപിക്കുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (സി) | കെ.എസ്.ഇ.ബി.ക്ക് ഈ പദ്ധതിയിലൂടെ പ്രതിവർഷം എത്ര കോടി രൂപ ആദായം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്? | (സി) | ഈ പദ്ധതി മുഖാന്തിരം കെ.എസ്.ഇ.ബി യുടെ എല്ലാ ഓഫീസുകൾക്കും സൗജന്യ ഇന്റർനെറ്റ്/ ഇൻട്രാനെറ്റ് ലഭിക്കുന്നു. കെ-ഫോൺ പദ്ധതിയുടെ ഒപ്റ്റിക്കൽ ശൃംഖലയിൽ കെ. എസ്. ഇ.ബി. യുടെ ഫൈബർ ഷെയർ ഉപയോഗിച്ച് സ്മാർട്ട് മീറ്റർ, സ്കാഡാ കൂടാതെ മറ്റു സാങ്കേതിക വിദ്യകൾ മെച്ചമായി ഉപയോഗപ്പെടുത്താൻ സഹായിക്കും. പോൾ വാടക, സ്ഥല വാടക കൂടാതെ കെ-ഫോൺ കമ്പനിയുടെ ലാഭ വിഹിതവും കെ.എസ്.ഇ.ബി.-യ്ക്ക് ലഭിക്കും. ഈ പദ്ധതിയിലൂടെ പ്രതിവർഷം സാമ്പത്തികമായി ലഭിക്കുന്ന ആദായം കണക്കാക്കിയിട്ടില്ല |

സെക്ഷൻ ഓഫീസർ